# ഐന്തിണയുടെ അപരകാന്തി

- ഡോ. ഇ. ബാനർജി

തിണദർശനം സാഹിത്യാസ്വാദനത്തെ സംബന്ധിച്ച ദ്രാവിഡ പ്പെരുമയുടെ ഉയർന്ന സൗന്ദര്യബോധത്തെ അഭിവ്യക്തമാക്കുന്നുണ്ട്. ഐന്ദ്രവ്യാകരണത്തിൽ അഗാധപണ്ഡിതനായ തൊൽക്കാപ്പിയരുടെ വ്യാകരണകൃതിയായ തൊൽക്കാപ്പിയത്തിലെ പൊരുളതികാരത്തിലാണ് പാരിസ്ഥിതിക സൗന്ദര്യബോധത്തെ ഇണചേർത്തുകൊണ്ട് കാവ്യാസ്വാദന ചിന്തയെ അടരുകളായി വിടർത്തിയെടുക്കുന്നത്. ഏതു സാഹിത്യകൃതിയുടെയും സമഗ്രമായ ഉള്ളടക്കത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള തനതു ലാവണ്യ ചിന്തയാണ് തിണദർശനത്തിന്റെ കാതൽ. മനുഷ്യാനുഭവങ്ങളുടെ ആന്തരിക സംഘർഷങ്ങളോടൊപ്പം പാരിസ്ഥിതിക സൗന്ദര്യ വ്യവസ്ഥയുടെ കരുക്കൾ സംയോജിപ്പിച്ചുകൊണ്ട് ജീവിതദർശനത്തിന്റെ പൊരുൾ വ്യക്തമാക്കുകയാണ്. മനുഷ്യവികാരങ്ങളുടെ കടുത്ത ചായക്കൂട്ടുകൊണ്ടാണ് ഭാവനയുടെ ലോകം മെനഞ്ഞെടുക്കുന്നതെങ്കിലും പ്രകൃതിയുടെ ഹരിതാവബോധം മിഴിവോടെ സമന്വയിക്കുന്നത് അപൂർവമായ അനുഭവമായിരുന്നു. ഐന്തിണകളുടെ ഐന്ദ്രജാലികമായ സന്നിവേശം തൊൽക്കാപ്പിയർ അനുഭവപ്പെടുത്തുന്ന തങ്ങനെയാണ്. പുതിയ സ്ഥലകാല പഠനങ്ങളുടെ പ്രസക്തിയെ ഒന്നുകൂടി ഉറപ്പിക്കുവാൻ ഐന്തിണകളിലേക്കുള്ള മടങ്ങിപ്പോക്ക് സഹായകമാണെന്ന് തോന്നുന്നു.

കാവ്യത്തിൽ ആവിഷ്കരിക്കപ്പെടുന്ന അനുഭവങ്ങൾക്കും സംഭവങ്ങൾക്കും ആധാരവും പശ്ചാത്തലവുമായ പ്രകൃതി രംഗങ്ങളുടെ അടിസ്ഥാനത്തിലാണ് അകത്തിണകളും പുറത്തിണകളും ഏഴു വീതം വിഭജിച്ചിട്ടുള്ളത്. ഓരോ തിണക്കും സവിശേഷമായ ഋതുഭേദങ്ങളും

സൂചിപ്പിച്ചിട്ടുണ്ട്. ദക്ഷിണദ്രാവിഡത്തിന്റെ ഭൂപ്രദേശങ്ങളും പ്രകൃതിയും ആധാരമാക്കിയാണ് തിണകൾ നിർദ്ദേശിക്കപ്പെട്ടതെന്ന് മനസ്സിലാക്കാം. അപരിചിതമായ മരുപ്രദേശത്തെ സൂചിപ്പിക്കുന്ന പാലത്തിണക്ക് വലിയ പ്രാധാന്യം നൽകാതെ മാറ്റിനിർത്തിയിരിക്കുന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. സ്ഥലകാലങ്ങളോടൊപ്പം ഓരോ തിണക്കും പ്രത്യേകമായ ഉരിപ്പൊരുളും ചൂണ്ടിക്കാട്ടുന്നു. കാലദേശങ്ങൾക്കനുയോജ്യ മായിരിക്കും മനുഷ്യഭാവങ്ങളുമെന്ന സങ്കൽപമാകാം അതിനു പിന്നിലുള്ളത്. അങ്ങനെ കാവ്യ പശ്ചാത്തലത്തെ കാവ്യ പ്രമേയവുമായി ബന്ധപ്പെടുത്തുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പശ്ചാത്തലവും പ്രമേയവുമായുള്ള ബന്ധത്തിലൂടെ സൂചിതമാക്കുന്നു. അതിന്റെ ഇതിവൃത്ത ഘടകങ്ങളെ കരുപ്പൊരുളുമായി ഇണക്കിച്ചേർത്തിരിക്കുന്നു. 'മുതൽ പൊരുളിനെ ഉരിപ്പൊരുളുമായി ബന്ധിപ്പിക്കുന്നതിന് സഹായകമായ ഘടകങ്ങളെ കരുപ്പൊരുൾ എന്ന സംജ്ഞ കൊണ്ടാണ് പൊരുളധികാരത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത്. കാലദേശാവസ്ഥകളുടെ സൂചക ചിഹ്നങ്ങളും ആവിഷ്കാര മാധ്യമങ്ങളുമാണ് കരുപ്പൊരുൾ എന്നു പറയാം'.(1) പരിസ്ഥിതിയും മനുഷ്യ പരിതസ്ഥിതിയും ചേർത്തുവായിക്കുമ്പോൾ മാത്രമേ അതിന്റെ പൂർണ്ണതയിലെത്തുകയുള്ളൂവെന്ന ബോധം ഇവിടെ സംഗതമായിത്തീരുന്നു.

സംഘകാല കാവ്യങ്ങളുടെ പ്രമേയവുമായി ബന്ധപ്പെട്ട് ആത്മനിഷ്ഠമായ പ്രണയം ദാമ്പത്യം എന്നിവ പരാമൃഷ്ടമാകുന്ന കാവ്യങ്ങളെ അകം കവിതകളെന്നും യുദ്ധവും ദാനവും ഉൾപ്പെട്ട സാമൂഹ്യ വിഷയങ്ങൾ ഉള്ളടക്കമാവുന്ന കാവ്യങ്ങളെ പുറം കവിതകളെന്നും സൂചിപ്പിക്കുന്നു. ഈ രണ്ടു വിഭാഗത്തിനും ഏഴ് തിണകൾ വീതം നിർദേശിക്കുന്നുണ്ട്. ഇതിൽ അകംതിണകൾക്കു മാത്രമാണ് സവിശേഷമായ പ്രാധാന്യമുള്ളത്. അതിൽ

തന്നെ ആദ്യത്തെ കൈക്കിളയും അവസാനത്തിലെ പെരുന്തിണയും ആസ്വാദ്യമല്ലാത്തതിനാൽ പ്രാധാന്യം കുറവുമാണ്. ശേഷിക്കുന്ന ഐന്തിണ കൾക്കാണ് പൊരുളധികാരം പ്രാധാന്യം നൽകുന്നത്.

മുല്ല, കുറിഞ്ചി, പാല, മരുതം, നെയ്തൽ എന്നിവയാണ് ശേഷിക്കുന്ന അഞ്ച് തിണകളെങ്കിലും പാലത്തിണയെ തൊല്കാപ്പിയർ പൊരുളധികാരത്തിൽ മറ്റു നാലു തിണകൾക്കുള്ള സ്ഥാനം നൽകി ആദരിച്ചു കാണുന്നില്ല. ഭൂപ്രദേശത്തെ നാലു തിണകളായാണ് അദ്ദേഹം തിരിക്കുന്നത്.

'നടുവൺ ഐന്തിണൈ നടുവണതു ഒഴിയ

പ്പടുതിരൈ വൈയം ചാത്തിയ പൺപേ' (തൊ. പൊ. സൂ. 2)

അഞ്ചു തിണകളിൽ നടുക്കുള്ള പാലയൊഴിച്ച് നാലു തിണകളായിട്ടാണ് കടൽ ചുറ്റുമുള്ള ഈ ഭൂമി പകുക്കപ്പെട്ടിരിക്കുന്നത് എന്നർത്ഥം. (2)

മരുഭൂമിയും ഗ്രീഷ്മത്തിന്റെ കാഠിന്യവും മരുപ്രകൃതിയുടെ ഋതുഭേദങ്ങളും അപരിചിതമായ അനുഭവമാകയാലായിരിക്കണം പാലത്തിണക്ക് വേണ്ടത്ര പ്രാധാന്യം നൽകാഞ്ഞത്.ഐന്തിണയെന്ന സങ്കൽപം ഭൂപ്രദേശത്തെ അതിന്റെ സമഗ്രതയിൽ കാണുന്നതിൽ നിന്ന് രൂപപ്പെടുന്ന ദർശനമാണെങ്കിലും ദ്രാവിഡ ദേശത്തെ സംബന്ധിച്ച് മരുഭൂമി അന്യമായ ഒരു സങ്കൽപം മാത്രമാണ്. അതുകൊണ്ട് അതിന്റെ തന്നെ ഉരിപ്പൊരുൾ അഭികാമ്യമായ മനുഷ്യവികാരമാണെങ്കിലും അതിനെ മുതൽ പൊരുളുമായി ബന്ധിപ്പിക്കുന്ന കരുക്കൾ കൃത്യത കൈവരിക്കുന്നില്ല എന്നത് അനുഭവസിദ്ധമാണ്. അത് ഭാവനാത്മകമായ ഒരു സങ്കൽപമായി അവശേഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഐന്തിണകളിലെ അപര സ്വത്വമായി പാലത്തിണ മാറിയത്. മാത്രമല്ല മാറിയ സ്ഥലകാലസങ്കല്പങ്ങളുടെ രീതിയനുസരിച്ച് കരുക്കളെ രൂപപ്പെടുത്താവുന്നതുമാണ്. മറ്റു തിണകളിൽ കടന്നുവരുന്ന കരുപ്പൊരുൾ പാലത്തിണയിലേക്കും ചുവടുവച്ചെത്താം.

അതല്ലെങ്കിൽ ഭൂപ്രദേശത്തിനനുസരിച്ചുള്ള കരുക്കളെ പുതുതായി ഉൾപ്പെടുത്താനുമാകും. 'തിണമയക്കം' എന്ന സാധ്യത നിലനിർത്തിയിരിക്കുന്നത് ഈ ദർശനത്തിന്റെ പൊരുളിനെ കൂടുതൽ പൂർണ്ണതയിലെത്തി ക്കുന്നതിനാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഐന്തിണകളിൽ അപ്രധാനമായ പാലത്തിണയുടെ സവിശേഷമായ ചൈതന്യവും തീഷ്ണസൗന്ദര്യവും ആടുജീവിതമെന്ന ആഖ്യാനത്തിൽ അത്ഭുതകരമായി അനുഭവപ്പെടുന്നു. തിണകളിൽ അപ്രധാനം എന്നു പറഞ്ഞത് അങ്ങനെയൊരു ഭൂപ്രദേശം അപരിചിതമായതുകൊണ്ടുമാത്രമാണ്. എന്നാൽ അതിൽ ഘടിപ്പിച്ചിരിക്കുന്ന പൊരുളുകൾ നോക്കിയാൽ അതിന്റെ മികവ് മനസ്സിലാകും. മുതൽപ്പൊരുളിനനുയോജ്യമായ ഉരിപ്പൊരുൾ ആകർഷകമാണ്. വിരഹമെന്ന പ്രമേയത്തെ മണലാരണ്യത്തിന്റെ ദാഹകമായ ഗ്രീഷ്മവുമായി ഇണചേർത്തിരിക്കുന്നു. നോവലിന്റെ ആഖ്യാനാനുഭവമായി വരുമ്പോൾ ഋതുവിന് മാത്രമേ പ്രാധാന്യം നൽകേണ്ടതുള്ളൂ. എന്നാൽ അവിടെയും പലതലങ്ങളിൽ ഇത് മാറി വരുമെങ്കിലും അനുഭവത്തിൽ ഒന്നുതന്നെയാണെന്നു കാണാം. ഉരുകിയൊലിക്കുന്ന മണ്ണിന്റെ ചൂടിൽ നിന്ന് മോചനമില്ല തന്നെ. മുതൽപ്പൊരുളിനെയും ഉരിപ്പൊരുളിനെയും ബന്ധിപ്പിക്കുന്ന കരുക്കൾക്ക് ഭാവനാ പരമായ സാധ്യതയെക്കാൾ സ്ഥലകാലാനുസൃതമായ ബന്ധകൽപ്പനയ്ക്കാണ് പ്രാധാന്യം. തിണയുടെ ഇഴകളോരോന്നും വേർപെടുത്തിയെടുത്ത് സ്ഥലകാലങ്ങളുടെയും പ്രമേയത്തിന്റെയും രസാനുഭവത്തിന്റെയും അന്തരീക്ഷത്തിൽ ആസ്വദിക്കാമെന്നത് ഒരു സാധ്യതയായി നിലനിൽക്കുമ്പോൾ തന്നെ ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ ഉൾക്കണ്ണുകളുടെ തെളിച്ചം നിർണയിക്കുന്നതും രസകരമായ അനുഭവമാണെന്ന് തോന്നുന്നു. അതിനാൽ ആടുജീവിതത്തിന്റെ അടരുകളെ പൊരുളുകളുമായി ചേർത്തുവെച്ച് പരിശോധിക്കുക അഭികാമ്യമാണെന്ന് വരുന്നു.

**മുതൽപ്പൊരുൾ**

പരാധീനതകളും ജീവിതനിയോഗവും ഒരുപോലെ സംലയിച്ചപ്പോഴാണ് നജീബിന് മരുഭൂമി ഒരഭമായിത്തീർന്നത്. അപരിചിത ഭൂപ്രദേശങ്ങളിലേക്കുള്ള യാത്ര അയാളെ ആദ്യമേ തന്നെ പരിഭ്രാന്തനാക്കുന്നുണ്ട്. തൊഴിൽ തേടിയാണ് പ്രിയപ്പെട്ടതെല്ലാം ഉപേക്ഷിച്ച് അന്യനാട്ടിലേക്ക് യാത്ര തിരിച്ചതെങ്കിലും അകാരണമായൊരു ഭീതി അയാളെ നടുക്കുന്നുണ്ട്. അത് സ്ഥലാനുഭവവുമായി മാത്രം ബന്ധപ്പെട്ടതായിരുന്നു. ഒരു മുശട്ടുവാടയായിട്ടാണ് മരുഭൂമി എന്ന സ്ഥലത്തെ അയാൾ അറിഞ്ഞത്. സ്ഥലത്തെ മണത്തറിയുകയാണ്. അന്തരീക്ഷം മുഴുവൻ ആ മണം തങ്ങി നിൽക്കുന്നുണ്ടെന്ന് മനസ്സിലാക്കി. അവിടെ കടലുപോലെ ഇളകിമറിയുന്ന നൂറു കണക്കിന് ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ഒട്ടകങ്ങളുടെയും തിരമാലകൾക്കകത്തേയ്ക്കാണ് നജീബ് തന്റെ നിത്യവൃത്തിക്കുള്ള വഞ്ചിയിറക്കിയത്.

ആറ്റിലെ ജലസമൃദ്ധിയിൽ ജീവിച്ചവനാണ്. മണൽവാരൽ ജോലി ആയതുകൊണ്ട് ഏതുനേരവും വെള്ളത്തിലാണ് കഴിഞ്ഞത്. എന്നാൽ അതിന്റെ യഥാർത്ഥ വിലയറിഞ്ഞത് മരുഭൂമിയിൽ വെച്ചും. ഉറിയിട്ട് ചന്തി കഴുകുന്നതിന് വെള്ളമുപയോഗിക്കുന്നത് കൊടും കുറ്റകൃത്യമാണെന്ന തിരിച്ചറിവ് നജീബിനെ ഒട്ടൊന്നുമല്ല നിരാശനാക്കിയത്. കല്ലുകൊണ്ട് ശൗചം ചെയ്യുന്ന പണി പുതിയ പാഠമായിരുന്നു. മാടിനെപ്പോലെ പണിയെടുത്തിട്ടും ഒന്നു കുളിച്ച് വൃത്തിയാകാൻ കഴിയാത്തതിന്റെ അസ്വസ്ഥത അയാളെ ദുഃഖിതനാക്കുന്നു. 'ദിവസം മുഴുവൻ വെള്ളത്തിൽ കിടക്കുന്നവനായിരുന്നു ഞാൻ. എന്നാലും പണി കഴിഞ്ഞ് ഒന്ന് കുളിക്കാതെ ഒരിക്കലും ഞാൻ കരയ്ക്ക് കയറിയിട്ടില്ല. ഇതുപക്ഷേ ദിവസം മുഴുവൻ വെയിലത്ത് നടന്ന് വിയർപ്പിറ്റി, ആടുകൾക്കിടയിലൂടെ നടന്നു നാറി, അവയുടെ മൂത്രവും കാട്ടവും പറ്റി അതേ പടുതിയിൽ കിടക്കേണ്ടി വന്നതിന്റെ അസ്വസ്ഥത.

കക്ഷവും കാലിനിടയിലുമൊക്കെ ഒട്ടിപ്പിടിക്കുന്നതു പോലെ'. (3) മരുപ്രദേശം ശരീരത്തെ മാത്രമല്ല മനസ്സിനെ കൂടി നീറ്റിയൊടുക്കുന്ന അഗ്നിയായി പടരുന്നത് അയാൾ അനുഭവിക്കുന്നു.

മരുഭൂമിയുടെ ഋതുസംക്രമണം പൊടിക്കാറ്റിന്റെ അകമ്പടിയോടെയാണ് നടക്കുക. മരുഭൂമിയിൽ വേഗത്തിലാണ് ഋതുമാറ്റങ്ങളോരോന്നും സംഭവിക്കുക. ഉച്ച നിന്ന് കത്തിജ്വലിക്കുമ്പോൾ രാത്രി കമ്പിളി പുതച്ച് കിടക്കേണ്ട തണുപ്പായിരിക്കും. യാതൊരു സൂചനയുമില്ലാതെ ചുട്ടുപഴുത്തു കിടന്ന മരുഭൂമി യിലേക്കാണ് ആകാശത്തിന്റെ ചരുവിൽ നിന്നും കരിമേഘപടലം കരിമ്പുതപ്പുമായെത്തി ഇരുട്ടിലാക്കിക്കളയുന്നത് ആദ്യത്തെ മഴത്തുള്ളിയിൽ കഠാരക്കുത്തേറ്റതുപോലെ പിടഞ്ഞുപോകും. മഴ വീശി പെയ്യുമ്പോൾ ഓരോ തുള്ളിയും ദേഹത്ത് തുള വീഴ്ത്തി കൊണ്ടാണ് കടന്നു പോകുന്നത്. ആടുകളും ആ വേദന സഹിക്കാതെ അപരിചിതമായ ശബ്ദത്തിൽ അലറി കരയുന്നുണ്ടാകും. മഴയെ കത്തിച്ചു കളയാൻ എന്നപോലെ മഴയോടൊപ്പം ഇടിയും മിന്നലും ആകാശത്ത് നിന്നിറങ്ങി വന്നു. മഴ കൊള്ളാനും കുളിക്കാനും അതിയായി ആഗ്രഹിച്ചിരുന്ന നജീബും ഒടുവിൽ മസറയിലഭയം തേടുകയാണ്. മരുഭൂമിയിൽ ഇറങ്ങി വരുന്ന ഓരോ ഋതുവും അപരിചിതനായ മനുഷ്യനെ വല്ലാതെ പൊള്ളിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നുണ്ട്. വേനൽ മാത്രമല്ല മഴയും മരുഭൂമിയുടെ ചൂടിനെ അഗ്നിയാക്കി പടർത്തുന്നു.

രാത്രിയിലെ കടുത്ത തണുപ്പിനു ചേരും വിധം അതികാലത്ത് മൂടൽമഞ്ഞ് ശക്തമായിരിക്കും. നേരം വെളുക്കുമ്പോൾ ചുറ്റിലും തണുപ്പിന്റെ വെള്ളപ്പാട മാത്രം. നട്ടുച്ചയ്ക്ക് പോലും നട്ടെല്ല് തുളയ്ക്കുന്ന തണുപ്പാണ്. വെള്ളത്തിൽ കൈ തൊടാനേ പറ്റില്ല. ഇത്തിരിനേരം കൈ വെള്ളത്തിലിരുന്നാൽ പൊള്ളിയടരും. തണുത്തവെള്ളം വീണും ദേഹം പൊള്ളിയടരുമെന്ന് മനസ്സിലാക്കുന്നത് മരുഭൂമിയിലെ മഴയിലാണ്. മരുഭൂമിയിലെ തണുപ്പും

മരവിപ്പിക്കുകയല്ല പൊള്ളിയടർത്തുകയാണ്. ചൂളം കുത്തിയെത്തുന്ന തണുത്ത കാറ്റിന്റെ ഇരമ്പത്തെ നജീബ് അതിജീവിക്കുന്നത് ചെമ്മരിയാടുകളോട് ചേർന്ന് നിന്നുകൊണ്ടാണ്. രാത്രിയിലെ തണുപ്പ് അസ്ഥി തുളച്ചെത്തുമ്പോൾ മസറയിലേക്ക് ഇറങ്ങിച്ചെന്ന് ചെമ്മരിയാടുകളെ കെട്ടിപ്പിടിച്ച് കിടക്കും. മരുഭൂമിയുടെ ഋതുമാറ്റങ്ങളാണ് നജീബിനെ മറ്റൊരാടാക്കി മാറ്റുന്നതെന്ന് എളുപ്പത്തിൽ തിരിച്ചറിയാനാകും. മരുപ്രദേശത്തിന്റെ ചൂടും തണുപ്പും ആഖ്യാനത്തിന്റെ ഇതിവൃത്തവുമായി ആഴത്തിൽ വേരോട്ടം നടത്തുന്നതിന്റെ ചിത്രണം ഭംഗിയായി അടയാളപ്പെടുത്തിയിട്ടുണ്ട്.

തീക്കാറ്റൂതുന്ന ചൂടും ചുട്ടുപഴുത്ത കിടക്കുന്ന മണലും കാക്കക്കാലിന്റെ തണലുപോലുമില്ലാതെ അനുഭവിക്കുന്ന നജീബിനെ തളർത്തുവാൻ പൊടിക്കാറ്റുമെത്തുന്നുണ്ട്. എങ്ങു നിന്നെന്നറിയാതെയാണ് പൊടി മഴപെയ്യുന്നത്. ശരീരത്തിലെമ്പാടും പൊടിയായിരുന്നു. കട്ടിലിലും മസറയിലും ആടിന്റെ ശരീരത്തിലുമെല്ലാം മഞ്ഞുപോലെ പൊടി പറ്റിപ്പിടിച്ചിരുന്നു. കഴുകാത്ത മുടിയിലും താടിയിലും പൊടികയറി ഭ്രാന്ത് പിടിപ്പിക്കുന്ന ചൊറിച്ചിലാണ്. മരുഭൂമിയുടെ അന്തരീക്ഷം നജീബിനെ ഒരു പ്രാകൃതനാക്കി. അയാളുടെ ഗുഹ്യഭാഗത്തെയും കക്ഷത്തിലെയും രോമങ്ങൾ കണ്ടാലറയ്ക്കും വിധം പുണ്ണ് പിടിച്ചത് പോലെ മാറിയിട്ടുണ്ടായിരുന്നു. ആടുകളുടെ ദേഹത്തു നിന്ന് പേനും ചെള്ളും ചെറുപ്രാണികളും അതിലേക്ക് കുടിയേറി താമസം തുടങ്ങിയിരുന്നു. ദേഹത്താകെ പൊറ്റ പിടിച്ചിരിക്കുന്ന പേനുകളും ചെള്ളുകളും പൊടിയും വിയർപ്പും കയറിക്കഴിയുമ്പോൾ ചൊറിച്ചിൽ കൊണ്ട് ഇരിക്കപ്പൊറുതി യില്ലാതാകും.അപരിചിതമായ സ്ഥലകാലങ്ങളുടെ അസഹനീയമായ പൊരുത്തക്കേടിലാണ് പ്രമേയത്തിന്റെ ഭാവബോധം കഠിനമാകുന്നത്.

സ്ഥലത്തിന്റെ സംഹാരശക്തി തിരിച്ചറിയുന്നത് മസറയിൽ നിന്ന് രക്ഷപ്പെട്ടോടുമ്പോഴാണ്. അനന്തമായ മരുഭൂമിയുടെ ദാഹകമായ

ശക്തിവിശേഷം അനുഭവിച്ചറിയുന്നുണ്ട്. ദിക്കറിയാതെ എങ്ങോട്ടെന്നില്ലാതെയുള്ള ഓട്ടത്തിൽ നജീബിന്റെയും കൂട്ടരുടെയും ശരീരത്തിലെ അവസാനതുള്ളി ജലാംശവും വലിച്ചെടുത്ത് ചുട്ടുപൊള്ളിക്കുന്ന മരുപ്രദേശത്തെ തിരിച്ചറിയുന്നു. ഭൂതകാലത്തിന്റെ ഇരുട്ടിലെപ്പോഴോ മരുഭൂമിയിലൂടെ ഒഴുകിമാഞ്ഞ ഒരു നദിയുടെ അടയാളം അവർ കണ്ടെത്തുന്നുണ്ട്. പണ്ട് നദി മുറിച്ചുകടക്കാനാകാതെ പരുങ്ങിനിന്നൊരാളുടെ സ്ഥാനത്ത് മരുഭൂമി താണ്ടാനാകാതെ നിൽക്കുന്ന മനുഷ്യന്റെ നിസ്സഹായത ഒരേസമയം തിരിച്ചറിയുന്നുണ്ട്. വെള്ളം ധൂർത്തടിച്ച് ജീവിച്ച മനുഷ്യർ ഒരു തുള്ളി വെള്ളത്തിന് യാചിച്ചു നിലവിളിക്കുന്ന നിസ്സഹായതയിലാണ് സ്ഥലം എത്ര അപരിചിതാനുഭവങ്ങളെ മനുഷ്യനായി കരുതി വയ്ക്കുന്നതെന്ന് തിരിച്ചറിയുന്നത്.

ഹക്കീം എന്ന ചെറുപ്പക്കാരൻ മരുപ്രദേശത്തിന്റെ മൃഗതൃഷ്ണയിൽ ഭ്രാന്തമായി നില വിളിക്കുകയും ജലമെന്നുകരുതി ചുട്ടുമണൽ വെപ്രാളത്തോടെ വാരിവാരിത്തിന്ന് ചോര ഛർദ്ദിച്ച് പിടഞ്ഞു മരിക്കുകയും ചെയ്യുന്ന സന്ദർഭം ഒട്ടൊന്നുമല്ല വായനക്കാരെ നടുക്കിക്കളയുന്നത്. സ്ഥലവുമായി സന്ധിയിലാകുവാൻ ചില സമയം മനുഷ്യന് കഴിയാതെവരുന്നു. പ്രചണ്ഡമായി തിരയടിച്ചുയരുന്ന സമുദ്രം പോലെ മരുഭൂമി സഞ്ചരിക്കുന്നതിന് സാക്ഷിയാണ് നജീബ്. സമുദ്രത്തിലെ തിരമാലകൾ പോലെ മണൽ കൂനകൾ വളരെ ദൂരം സഞ്ചരിക്കുന്നത് കണ്ട് നടുങ്ങിപ്പോകുന്നുണ്ട്. വെള്ളം കണ്ടു നിലവിളിച്ചു കൊണ്ടോടി നിലത്തു വീണ് ചുട്ടുമണ്ണ് വാരി തിന്നൊടുങ്ങിയ ഹക്കീമിന്റെ ശരീരത്തെ തിരിച്ചറിയാനാവാത്ത വിധത്തിൽ മണൽ കൂനകൾ അടക്കിക്കളയുന്നുണ്ട്. ഒരേസമയം അകത്തും പുറത്തും എരിഞ്ഞുകത്തുന്ന കാട്ടുതീയെ സമ്മാനിച്ചുകൊണ്ട് ഗ്രീഷ്മത്തിന്റെ സർവ്വ ഭാവങ്ങളിലും നിറഞ്ഞു നിൽക്കുന്ന ഭൂപ്രദേശത്തെ അടയാളപ്പെടുത്തി എന്നതാണ് ഈ ആഖ്യാനത്തിന്റെ സവിശേഷമായ സൗന്ദര്യത്തിനാധാരം. മുതൽപ്പൊരുളിന്റെ

അനുഭവതലം സാർത്ഥകമായി നിലകൊള്ളുന്നതും ആസ്വദിക്കാൻ കഴിയുന്നതും നോവലിന്റെ ശ്രദ്ധേയമായ സൗന്ദര്യതലമാണ്.

**കരുപ്പൊരുൾ**

മുതൽപ്പൊരുളിനെ ഉരിപ്പൊരുളുമായി ബന്ധിപ്പിക്കുന്ന അഥവാ സ്ഥലകാലങ്ങളെ പ്രമേയവുമായി ഇണക്കിച്ചേർക്കുന്ന കരുക്കളാണിതിൽ വരുന്നത്. തിണയുടെ ആരാധനാമൂർത്തിയായ ദൈവം തിണക്ക് യോജിച്ച ഭക്ഷണം, മൃഗം, മരം, പക്ഷി, പറ, ജോലി, സംഗീതോപകരണം, ജനങ്ങൾ, നായകൻ, പൂവ് തുടങ്ങിയ പതിനൊന്ന് ഘടകങ്ങളെ തൊൽക്കാപ്പിയർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കഥാപാത്രങ്ങളും അവയോടുകൂടി നിൽക്കുന്ന കരുക്കളും സംയോജിച്ചു വരുമ്പോഴാണ് ഉരിപ്പൊരുൾ രൂപപ്പെടുകയും അത് ആസ്വാദകന് ആഹ്ലാദത്തെ നൽകുകയും ചെയ്യുന്നത്. ഈ കരുപ്പൊരുൾ ഒരു തിണയിൽ നിന്നും മറ്റൊരു തിണയിൽ ചെന്നു ചേരാവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. 'തിണൈമയക്കം' കൊണ്ട് വിവക്ഷിക്കുന്നത് അതാണല്ലോ. അങ്ങനെ വരുമ്പോൾ ഓരോ സ്ഥലത്തിന്റെയും കാലത്തിന്റെയും സ്വാഭാവികമായ പരിണതിയും പരിമിതിയും കരുപ്പൊരുളിൽ പ്രകടമാണെന്നു സാരം. താൻ ആഖ്യാനം ചെയ്യുന്ന സ്ഥലകാലങ്ങളുടെ സ്വാഭാവികമായ സ്വത്വവും തനിമയും നിലനിർത്തേണ്ടത് എഴുത്തുകാരന്റെ അനിവാര്യതയായി മാറുന്നു. ആ നിലയിൽ മാത്രമേ ഇത്തരം ഘടകങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുള്ളൂ എന്നു സാരം.

ആടുജീവിതത്തിൽ നായകകഥാപാത്രവുമായി മേൽപ്പറഞ്ഞ കരുപ്പൊരുളിന്റെ പ്രധാന കരുക്കൾ സന്ധിക്കുന്നുണ്ട്. അതിൽ സജീവമായി നിലനിൽക്കുന്ന ഒന്നാണ് ദൈവം. അപരിചിത ഭൂപ്രദേശങ്ങളിൽ എത്തി ജീവിതം കെണിയിലകപ്പെട്ടു എന്നു തോന്നുന്ന നിമിഷം മുതൽ പരമ കാരുണികനായ ദൈവത്തെ വിളിച്ചു തുടങ്ങുന്നു. ശാരീരികവും മാനസികവുമായി

തകർന്ന പോകുന്ന സന്ദർഭങ്ങളിൽ ഈ ആത്മീയധാരയാണ് അയാളെ നിലനിർത്തുന്നത്. ചുട്ടുപൊള്ളുന്ന മണൽത്തരികളിൽ മുട്ടുകുത്തി നിന്ന് വിളിക്കുന്നത് തനിക്ക് പരിചിതനായ അള്ളാഹുവിനെയാണ്. അത് നജീബിന്റെ ആത്മീയ സ്വത്തായി ചിത്രീകരിക്കുന്നുണ്ട്. ശാരീരികമായി മുറിപ്പെടുമ്പോഴും ഭയപ്പെടുമ്പോഴും ശരണമായി അയാളുടെ മനസ്സ് ഓടിയെത്തുകയും മുട്ടുകുത്തുകയും ചെയ്യുന്നു. അത് പല രൂപങ്ങളിൽ അയാൾക്കനുഭവപ്പെടുന്നുമുണ്ട്. ഓടി രക്ഷപ്പെടാൻ വീണു കിട്ടുന്ന അവസരത്തിൽ അത് ചെയ്യുമ്പോൾ അർബാബ് കണ്ടുപിടിക്കുകയും തോക്കുമായി പിന്തുടരുകയും വെടിവെയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ തന്റെ പിന്നാലെ ഓടിവന്ന കോലാട് അതേറ്റുവാങ്ങി തന്നെ രക്ഷിക്കുമ്പോൾ നജീബ് ദൈവത്തെ തിരിച്ചറിയുന്നു.

മസറയിൽ നിന്ന് ഇബ്രാഹിം ഖാദിരിയുമായി രക്ഷപ്പെട്ടോടുമ്പോൾ മറ്റേതോ മസറയിലെ അറബി പിന്തുടർന്ന് വെടിവെയ്ക്കുന്നുണ്ട്. അപ്പോഴും അയാളെ ആരോ പിടിച്ച് തള്ളി നിലത്തു വീഴ്ത്തുന്നുണ്ട്. ഖാദിരിയാണെന്ന് കരുതിയെങ്കിലും താനറിഞ്ഞതേയില്ല എന്നു ഖാദിരി പറയുമ്പോൾ ദൈവത്തെ നേരിട്ട് കാണുന്നുണ്ട് നജീബ്. ഒടുവിൽ മരുപ്രദേശത്തിന്റെ എല്ലാ അപകടങ്ങളിൽ നിന്നും സാഹസികമായി രക്ഷിച്ച് ജീവൻ സുരക്ഷിതമാക്കിയ ഖാദിരിയെ ദൈവമായാണ് നജീബ് തിരിച്ചറിയുന്നത്. പിന്നീടും കുഞ്ഞിക്കയുടെ രൂപത്തിലും കാർ ഡ്രൈവറുടെ രൂപത്തിലുമെല്ലാം ദൈവം ആഖ്യാനത്തിൽ ഇടം കണ്ടെത്തിയിട്ടുണ്ട്. അശരണനായ മനുഷ്യന്റെ നിലവിളിയിൽ കരുത്ത് പകരുകയും ആത്മീയ ധൈര്യം നിലനിർത്തുകയും അപകടങ്ങളിൽ നിന്ന് അസാധാരണമായി രക്ഷപ്പെടുത്തുകയും ജീവൻ സംരക്ഷിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ പേരാണ് ദൈവമെങ്കിൽ ഇതിൽ നായകനെപ്പോലെ പ്രാധാന്യത്തോടെ ദൈവവും നിലനിൽക്കുന്നുണ്ട്. പ്രമേയവുമായി ഏറ്റവും

സമർത്ഥമായ രീതിയിൽ ഇണങ്ങിച്ചേരുകയും കരുത്തും സൗന്ദര്യം നൽകുന്ന പ്രധാന കരുപ്പൊരുളായി അടയാളപ്പെടുകയും ചെയ്യുന്നു.

മരുഭൂമിയിലെത്തി അയാൾ കഴിക്കുന്ന ഒരേയൊരാഹാരം അറബി മൂന്നു നേരം കൊടുക്കുന്ന ഖുബൂസാണ്. അത് കൊടുക്കാതെ പലപ്പോഴും അയാളെ ശിക്ഷിക്കുന്നുമുണ്ട്. ആ സമയം മസറയിലെ ആടുകൾ തിന്നു ബാക്കിവന്ന ഗോതമ്പ് തൊട്ടിയിൽ നിന്ന് ആർത്തിയോടെ വാരി തിന്നുന്നതും കിടന്നു വാടിയ വെള്ളം, അതും ആട് അവശേഷിപ്പിച്ച വെള്ളം അയാൾ കുടിക്കുന്നുണ്ട്. ആട്ടിൻപാൽ ഒരിക്കൽ ക്ഷീണം കൊണ്ട് വാങ്ങി ആർത്തിയോടെ കുടിക്കുന്നുവെങ്കിലും ആടുകളെ തന്റെ സഹോദരങ്ങളായി പരിഗണിച്ച് തുടങ്ങുമ്പോൾ അതിൽ നിന്ന് വിടുതി നേടുന്നത് നമ്മൾ കാണുന്നു. ആടിന്റെ മാംസം എന്നേയ്ക്കുമായി ഉപേക്ഷിക്കാനുള്ള തീരുമാനത്തിലും അയാളെത്തുന്നുണ്ട്. അത് തന്റെ ജീവൻ രക്ഷിച്ചുകൊണ്ട് പിടഞ്ഞു മരിച്ച കോലാടിന്റെ ശരീരം പൊരിച്ചെടുത്ത് അറബി തിന്നുകയും കുറച്ച് നജീബിന്റെ വായിൽ കുത്തിത്തിരുകയും ചെയ്യുമ്പോൾ മനുഷ്യമാംസമായി തിരിച്ചറിയുന്ന പ്രതിസന്ധിയിൽ അയാളെത്തി അത് പാടേ ഉപേക്ഷിക്കുകയാണ്.

മരുഭൂമിയിലെ മൃഗങ്ങളും തിണയ്ക്ക് അനുയോജ്യമായതാണ്. ചെമ്മരിയാടുകളും കോലാടുകളും ഒട്ടകങ്ങളും ആഖ്യാനത്തിൽ ഇടം നേടുന്നുണ്ട്. മാംസത്തിനും രോമത്തിനുമായി വളർത്തുന്ന ആടുകൾ തന്നെയാണ് പ്രധാനമൃഗം. അതിനെ പരിപാലിക്കുന്ന തൊഴിലിനാണ് നജീബിനെ നിയോഗിച്ചതും. ഗോതമ്പും പോച്ചയും ഭക്ഷണമായി നൽകുക. തൊട്ടിയിൽ വെള്ളം പിടിച്ചുകൊണ്ടുവന്നു നിറച്ചു കൊടുക്കുക. ഓരോ മസറയിൽ നിന്നും ആടുകളെ വെളിപ്രദേശങ്ങളിൽ നടത്താൻ കൊണ്ടുപോവുക എന്നിവയാണ് നജീബിന്റെ പ്രധാന ജോലി. ആടുകളെ കറക്കുന്നതും അറക്കാനായി കൊണ്ടുപോകുന്നതിനും വരിയുടയ്ക്കുന്നതിനുമായി ആടുകളെ പിടിച്ച്

കൊടുക്കുന്നതും അയാൾക്കു തന്നെ ചെയ്യേണ്ടിവന്നു. നജീബ് ഭാഷയില്ലാത്തവനായതുകൊണ്ട് അധികമാരോടും സംസാരിക്കേണ്ടി വന്നില്ല. യജമാനന്മാരായ രണ്ടു അർബാബുമാരോടും ആശയവിനിമയം നടത്തുന്നുണ്ട് അപൂർവം സന്ദർഭങ്ങളിൽ, പക്ഷേ അതെല്ലാം കൃത്യമായ ഒരു ഭാഷയുടെ അഭാവത്തിലാണ് സംഭവിച്ചതെന്നു മാത്രം. ആടിനു കൊടുക്കാനുള്ള പോച്ചയും ഗോതമ്പും വെള്ളവും കൊണ്ടുവരുന്നവരോട് സംസാരിക്കാനുള്ള അവസരവുമില്ലായിരുന്നു.

മനുഷ്യസംസർഗ്ഗം അസാധ്യമായൊരു സാഹചര്യത്തിൽ നജീബ് ആടുകളുമായി വിനിമയം നടത്തുകയാണ്. അത് ഗൃഹാതുരത്വത്തെ മറികടക്കാനുള്ള ഉപാധി കൂടിയായിരുന്നു. തനിക്ക് നഷ്ടപ്പെട്ട ഭാഷയും സ്നേഹവും ബന്ധങ്ങളുമെല്ലാം വീണ്ടെടുക്കുന്നത് ആടുകളിലൂടെയാണ്. അപൂർവമായി ശാരീരികാവശ്യങ്ങൾപോലും നജീബ് അവരിലൂടെ നിർവഹിക്കുന്നുണ്ട്. തനിക്ക് പരിചിതരായ മനുഷ്യരും പരകായപ്രവേശം ചെയ്ത് മരുഭൂമിയിലെത്തുന്നുണ്ട്. അറവു റാവുത്തരും പോച്ചക്കാരി രമണിയും മൈമുനയും മോഹൻലാലും ജഗതി ശ്രീകുമാറും ഇ. എം. എസ്സുമെല്ലാം ആടുകളിൽ സ്വത്വം കണ്ടെത്തുന്നു. അവരോട് സംസാരിക്കുകയും സന്ദേഹിക്കുകയും സംവദിക്കുകയും ചെയ്തുകൊണ്ട് ഭാഷാപരമായ പ്രതിസന്ധിയെ മറികടക്കുന്നു. ഗർഭിണിയായ തന്റെ ഭാര്യ പ്രസവിക്കാനിടയുള്ള മകനെ അപ്പോൾ ആടു പ്രസവിച്ച കുട്ടിയിൽ കണ്ടുകൊണ്ട് നബീലെന്ന് വിളിക്കുകയും പുന്നാരിക്കുകയും ചെയ്ത് വൈകാരികമായ സമ്മർദ്ദങ്ങളെയും പ്രതിരോധിക്കുന്നു. ഇടയ്ക്കെല്ലാം തന്റെ വിധിയോർത്ത് ഇടനെഞ്ച് പൊട്ടി നിലവിളിച്ച് അതിജീവിക്കാനുള്ള മനുഷ്യസഹജമായ ബോധത്തെ നിലനിർത്തുന്നുണ്ട്.

വൃക്ഷം പോയിട്ട് ഒരു കാക്കക്കാലിന്റെ തണലുപോലും അയാൾക്കവിടെയില്ലായിരുന്നല്ലോ. എങ്കിലും ചില ജീവിതപാഠങ്ങൾ അയാൾക്ക് വിനിമയം ചെയ്യുന്നത് സസ്യങ്ങളാണ്. മരുപ്രദേശത്തെ കടുത്ത വേനലിനു ശേഷമുള്ള മഴയിൽ കുരുക്കുന്ന സസ്യങ്ങളുണ്ട്. വരണ്ട മണ്ണിൽ പച്ചവിരിപ്പ് പോലെ പൊന്തിവന്നത്. 'കള്ളിമുൾച്ചെടികൾ, മണ്ണിൽ പടർന്നു കിടക്കുന്ന ചെടികൾ, പാറക്കല്ലുകൾക്കു മീതെയുള്ള പായലുകൾ, ചില നാണം കുണുങ്ങി ചെടികൾ, ചില മഷിത്തണ്ടുകൾ. ആകാശത്തിന്റെ അതിരുകളിലൂടെ സന്തോഷത്തിലേക്ക് നീളൻ ചിറകു വിരിച്ച് പറക്കുന്ന പറവക്കൂട്ടങ്ങൾ, ചൂളമടിച്ച് നീങ്ങുന്ന കുരികിൽപ്പക്ഷികൾ. ചിലച്ച് നീങ്ങുന്ന പച്ചപ്പനംതത്തകൾ. ഇളം കുറുകലോടെ പിറുപിറുക്കുന്ന ഇണപ്രാവുകൾ' (4) സ്വന്തം ജീവനെ നെഞ്ചോടടുക്കിപ്പിടിച്ചുകൊണ്ട് മരുപ്രദേശത്തിന്റെ വേനലിനെയും തീക്കാറ്റിനെയും സഹിച്ചുകൊണ്ട് പതുങ്ങിക്കിടന്ന ഈ ജീവജാലങ്ങൾ അനുകൂല സാഹചര്യങ്ങളിൽ എത്ര കരുത്തോടെയും പ്രതീക്ഷയോടെയുമാണ് ഉയിർത്തെഴുന്നേറ്റത്. അതുമായുള്ള സംവേദനത്തിലാണ് അതിജീവനപാഠം അയാളിലേയ്ക്ക് പകരുന്നത്. അത് വല്ലാത്തൊരു ഊർജ്ജം അയാളിൽ നിറയ്ക്കുന്നുണ്ട്. സഹനത്തിലൂടെ അതിജീവനമെന്ന പ്രതീക്ഷ അയാളിൽ പൊടിച്ചുതുടങ്ങുന്നു. മസറയിൽ നിന്ന് രക്ഷപ്പെട്ട് മരുപ്രദേശത്തിന്റെ നടുക്കയത്തിലേക്ക് എടുത്തെറിയുമ്പോഴും സമുദ്രം പോലെ തിരയടി ച്ചാർത്തെത്തുന്ന വിഷപ്പാമ്പുകളും പറക്കുന്ന ഓന്തുകളും പക്ഷികളും നാനാജാതി പ്രാണിവർഗ്ഗങ്ങളും അയാൾ കണ്ടുമുട്ടുന്നു. ഈ കരുക്കളെല്ലാം ഓരോ അർത്ഥത്തിലും നജീബിന്റെ ജീവിതവുമായി ഇണങ്ങിനിൽക്കുകയും വേദനയിലൂടെയുള്ള ജീവിതപരിണാമത്തെ പൂർത്തീകരിക്കുകയും ചെയ്യുന്നു. തിണമയക്കത്തോടൊപ്പം കാലാനുസൃതമായ മാറ്റങ്ങളും കരുക്കൾക്ക് സംഭവിക്കുക സ്വാഭാവികമാണ്. ആയതിനാൽ തൊൽക്കാപ്പിയർ അപരിചിത

ദേശത്തെയും കാലത്തെയും സ്വപ്നം കണ്ടെടുത്ത പാലത്തിണയിൽ കാലാനുയോജ്യമായ കരുപ്പൊരുൾ ഘടകങ്ങൾ കടന്നുവരിക സ്വാഭാവി കമാണെന്നു മാത്രം തിരിച്ചറിഞ്ഞാൽ മതി.

## ഉരിപ്പൊരുൾ

നായികാനായകൻമാരുടെ പ്രണയത്തെ തുടർന്നുണ്ടാകുന്ന പലതരം അവസ്ഥാന്തരങ്ങളാണ് ഓരോ തിണയിലും ഉരിപ്പൊരുളായി വരുന്നത്. 'പിരിതൽ' (വിരഹം) ആണ് പാലത്തിണയുടെ ഉരിപ്പൊരുൾ. നായികാനായകൻമാരുടെ വിരഹം അനിവാര്യമായ ഒന്നാണ്. പാലത്തിണയിലെ നായകൻ തൊഴിലുമായി അന്യദേശത്ത് കുടിയേറുന്നവനാണ്. അപ്പോൾ സ്വാഭാവികമായും പ്രമേയം വിരഹമാവാതെ വയ്യ. നായകനെ പിരിഞ്ഞിരിക്കേണ്ടി വരുന്നതു മൂലമുണ്ടാകുന്ന വിരഹമാണ് നായികയെ നയിക്കുന്നതെങ്കിൽ അന്യദേശത്തിന്റെ അപരിചിതത്വവും കാഠിന്യവും കരുക്കളും ചേർന്ന് സൃഷ്ടിക്കുന്ന ഗൃഹാതുരമായ നോവാണ് നായകനെ തകർത്തു കളയുന്നത്. നജീബിന്റെ ആഖ്യാനത്തിൽ ഒരു മനുഷ്യൻ അർഹിക്കുന്ന ജീവിത ചുറ്റുപാടുകളൊന്നും തന്നെ അയാൾക്കനുവദിച്ച് കൊടുക്കുന്നില്ല എന്നുള്ളതാണ്. ജീവിതത്തിന്റെ കഠിനഭാരം താങ്ങാനാകാതെ അൽപ്പമൊന്നു മെച്ചപ്പെടുത്താനൊരുമ്പെട്ടിറങ്ങിയ മനുഷ്യൻ സങ്കടങ്ങളുടെ നടുക്കയത്തിൽ മുങ്ങിത്താഴുന്ന ദൈന്യമാണ് നമ്മൾ കാണുന്നത്.

കഠിനമായ പണികൾക്കിടയിലെ ഇത്തിരി വിശ്രമവും മാന്യമായ ഭക്ഷണവും കിടക്കാനൊരിടവും ശരീരം വൃത്തിയായി സൂക്ഷിക്കാനവസരവും ഉണ്ടാവുക എന്ന പ്രാഥമിക ആവശ്യങ്ങൾ പോലും അയാൾക്ക് നിവൃത്തിയാവുന്നില്ല. കഠിനമായ ചൂടിൽ ഉടുത്തിരിക്കുന്ന തുണി അഴിച്ചു കെട്ടി അതിന്റെ തണലിൽ കിടക്കേണ്ടി വരികയും ആടുകൾ കഴിച്ചതിന്റെ അവശിഷ്ടം കഴിക്കേണ്ടി വരികയും ക്രൂരമായ മർദ്ദനങ്ങൾക്ക് ഇരയാകേണ്ടി വരികയും

ചെയ്യുന്നു. ഇത്തിരി നേരമുറങ്ങാനാവാതെ പണിയെടുക്കേണ്ടി വരുന്നു. കയ്യൊടിഞ്ഞു തൂങ്ങി ആ വേദനയിൽ ഞരങ്ങുമ്പോഴും വിശ്രമം കൊടുക്കുന്നില്ല. അതുകൊണ്ടുതന്നെ പിന്നിലുപേക്ഷിച്ചു വന്ന ജീവിത സന്തോഷങ്ങളെ ഓർക്കാൻ പോലും നേരം കിട്ടുന്നില്ല. എന്നാൽ ചില സമയം അത് എവിടെ നിന്നെന്നറിയാതെ കുതിച്ചെത്തുക തന്നെ ചെയ്യും. അപ്പോൾ നിസ്സഹായനായ ഒരു മനുഷ്യനെപ്പോലെ വിരഹത്തിന്റെ കുത്തൊഴുക്കിൽ വീണു കൈകാലിട്ടടിക്കുന്നത് നമ്മൾ കാണുന്നുണ്ട്.

തലയിണയായി വെച്ചിരുന്ന നാട്ടിൽ നിന്നുകൊണ്ടു വന്ന ബാഗിനകത്തെ അച്ചാറിന്റെ ഗന്ധമാണ് ഒരിക്കൽ വിട്ടുപോന്ന നാടിനെയും സ്നേഹത്തെയും ഓർമ്മിപ്പിച്ചത്. ഉമ്മായെയും ഭാര്യയെയും അവളുടെ ഗർഭത്തിൽ വളരുന്ന സ്വന്തം കുഞ്ഞിനെയും കുറിച്ചുള്ള ഓർമ്മകൾ അയാളെ തളർത്താൻ പോന്നതായിരുന്നു. താൻ ജീവിച്ചിരിപ്പുണ്ടെന്നെങ്കിലും അവരെ എങ്ങനെയാണൊന്നറിയിക്കുന്ന തെന്നോർത്ത് ആധി കൊള്ളുന്ന നായകനെയാണ് കണ്ടെത്തുക. നജീബിന്റെ കൺമുന്നിൽ വീണു കിടന്നു വേദനിച്ചു കൊണ്ട് പ്രസവിക്കുന്ന ആടിനെ കാണുമ്പോഴും എല്ലാ കെട്ടുകളും പൊട്ടിച്ച് മനസ്സ് നാട്ടിലേയ്ക്ക് കുതറിയോടുകയാണ്. സൈനു ഏതു നിമിഷവും പ്രസവിക്കാവുന്ന അവസ്ഥയിലാണ് താൻ നാടുപേക്ഷിച്ചു പോന്നത്. അതുപക്ഷേ ദൈവം നൽകിയ ശുഭസൂചനയാകാം അതെന്ന് തിരിച്ചറിഞ്ഞ് ഒരു പേറ്റിച്ചിയെപ്പോലെ ആടിന്റെ പ്രസവമെടുക്കുകയും തനിക്ക് പിറക്കുന്ന മകന് ഇടാൻ വച്ചിരുന്ന നബീൽ എന്ന പേര് ആട്ടിൻകുട്ടിക്ക് നൽകിക്കൊണ്ട് അതിനെ പരിചരിക്കുകയും ചെയ്യുന്നത് കാണുമ്പോൾ അനുഭവിക്കുന്ന വിരഹത്തിന്റെ ചൂടും തീയും എത്രയെന്ന് മനസ്സിലാകും.

എപ്പോഴോ ജോലിക്കിടയിൽ ഒരിത്തിരി സമയം കിട്ടുമ്പോൾ തന്റെ സൈനുവിന് അയാൾ കത്തെഴുതുന്നുണ്ട്. ബോംബെയിൽ വച്ച് വാങ്ങിയ ഒരു

ലെറ്റർ പാഡും പേനയും കൈവശമുണ്ടായിരുന്നു. ഇവിടെയുള്ള തന്റെ സുഖവിവരങ്ങൾ സ്വപ്നതുല്യമായിട്ടാണ് ഭാര്യയെ അറിയിക്കുന്നത്. പാലും കമ്പിളിയുമുണ്ടാക്കുന്ന വലിയ കമ്പനിയിലെ ജോലി. വിശാലമായ മുറിയും സുഖമായ താമസവും. ഇടയ്ക്കിടയ്ക്കുള്ള അർബാബിന്റെ സമ്മാനങ്ങൾ. ഇതുവരെ കഴിച്ചിട്ടില്ലാത്ത രുചികരമായ ആഹാരങ്ങൾ. സുന്ദരമായ സ്ഥലവും വിശ്രമസമയവും കൂട്ടുകാരുടെ നിറഞ്ഞ സ്നേഹവും ഭാര്യയ്ക്കെഴുതി അറിയിക്കുന്നു. ഒരിക്കലും ആ കത്ത് തന്റെ ഭാര്യയ്ക്കയയ്ക്കാൻ കഴിയില്ലെന്ന സത്യത്തിന് മുമ്പിൽ അയാൾ വിതുമ്പിക്കരയുന്നു. കണ്ണടച്ചിരുന്നുള്ള ആ കരച്ചിൽ മാത്രമാണ് തന്റെ സത്യമെന്നറിയുമ്പോൾ ഒരു മനുഷ്യൻ അനുഭവിക്കുന്ന വേദനയുടെ ആഴവും കണ്ണീരിന്റെ കരുത്തും എത്രയെന്ന് ബോധ്യമാകും. പലവട്ടം മരണത്തിലേയ്ക്കെടുത്തു ചാടുന്നതും വിരഹത്തിന്റെ തീവ്രതയിലാണ്. അപ്പോഴെല്ലാം യാദൃച്ഛികമായി തന്റെ ജീവൻ അവശേഷിക്കുന്നുണ്ട്. എന്നാൽ വിരഹത്തെ പ്രതിരോധിക്കാനുള്ള പാഠം അയാൾ ഒടുവിൽ കണ്ടെത്തുന്നു. അതൊരു പക്ഷേ ഏതു ജീവിയുടെയും ആത്മാവിനുള്ളിൽ പതിയിരിക്കുന്ന അതിജീവനപാഠം തന്നെയാകും. ഒടുവിൽ രക്ഷപ്പെട്ടെന്ന് തോന്നുന്ന നിമിഷത്തിൽ വർഷങ്ങൾക്കുശേഷം ഫോണിലൂടെ ഭാര്യയുടെ ശബ്ദം തിരിച്ചറിയുമ്പോൾ ഇരുവരും ഒന്നും പറയാനാകാതെ കരഞ്ഞുകൊണ്ടേയിരുന്നതും വിരഹത്തിന്റെ തീവ്രവേദന ആഴത്തിലനുഭവിച്ചതു കൊണ്ടുതന്നെ. അങ്ങനെ പാലത്തിണയുടെ അനിവാര്യമായ ഉരിപ്പൊരുളിനെ ഭംഗിയായി ആഖ്യാനം അനുഭവപ്പെടുത്തുന്നുണ്ട്.

ഉള്ളുറൈ ഉപമ

പൊരുളതികാരത്തിൽ ഉള്ളുറൈ ഉപമ കൊണ്ട് ആഖ്യാനത്തിന്റെ സമഗ്രതയിൽ നിറഞ്ഞു നിൽക്കുന്ന ആന്തരികസത്തയെയാണ് സൂചിപ്പിക്കുന്നത്. അർത്ഥത്തിന്റെയും ഭാവത്തിന്റെയും വിടർച്ചകളും ധ്വനികളും

നിറഞ്ഞ കൃതിയുടെ ആന്തരിക സ്വഭാവത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നുണ്ട്. ഒരു കൃതിയുടെ സമഗ്രതയിൽ നിന്ന് ഉരുവം കൊള്ളുന്ന സൗന്ദര്യമാണ് ധ്വനി. അതാണ് രസത്തിലേക്ക് പരിണമിക്കാനുള്ള വഴി. അതിന്റെ തെളിച്ചം എത്രമേൽ ഗാഢമാകുന്നുണ്ടോ അത്രമേൽ രസാനുഭവത്തിന്റെ ആഹ്ലാദമുണ്ടാകുമെന്നാണ് മനസ്സിലാക്കേണ്ടത്. ആടു ജീവിതത്തിന്റെ സമഗ്രതയെ നോക്കിക്കാണുമ്പോൾ വ്യത്യസ്തമായ അർത്ഥതലങ്ങൾ നിറഞ്ഞ ആവിഷ്കരണമാണെന്ന് ധരിക്കാം. നജീബ് അനുഭവിക്കുന്ന സങ്കടങ്ങളുടെ പെരുങ്കടൽ നിയന്ത്രിക്കുന്നത് അധികാരമാണെന്ന് കാണുവാനാകും. തൊഴിൽ സ്ഥലം മനുഷ്യനെ വേട്ടയാടുന്നതിന്റെ ഭീതിദമായ അവസ്ഥ അനാവരണം ചെയ്യുന്നുണ്ട്. കുടിയേറ്റക്കാരന്റെ ഭാഗധേയത്തെ നിർണയിക്കുന്നത് അധീശത്വത്തിന്റെ വിധി കൂടിയാണ്.

സ്ഥലകാലങ്ങളോ ഭാഷയോ അറിയാതെ വന്നുപെട്ട നിസ്സഹായനായൊരു വിദേശിയെ സർവനീതിയും അപ്രസക്തമാക്കിക്കൊണ്ട് മരുഭൂമിയുടെ വിജനതയിൽ സ്ഥിതി ചെയ്യുന്ന മസറയിലേക്ക് കടത്തിക്കൊണ്ടു വരികയാണ്. ഒരാളുടെ ജീവിക്കാനുള്ള അവകാശത്തെയും സ്വാതന്ത്ര്യത്തെയും അപ്രസക്തമാക്കിക്കൊണ്ട് വെറും അടിമയെക്കൂട്ട് പണിയെടുപ്പിക്കുകയാണ്. അയാളുടെ ദുർവ്വിധി എന്താണെന്ന് അതിനു മുമ്പുള്ള തൊഴിലാളിയുടെ (ഭീകരരൂപി) കൊലപാതകത്തിൽ വെളിപ്പെടുന്നുമുണ്ട്. ഭീകരരൂപിയെ കൊന്നുകുഴിച്ചു മൂടിയതാണെന്നതിന് നോവലിൽ സൂചനകളുണ്ട്. അതിൽ നിന്നും വ്യത്യസ്തമായ വിധിയായിരിക്കില്ല നജീബിന്റേതും. അതിനുള്ള അവകാശമുണ്ടെന്ന് അർബാബിന്റെ ഭാഷയും ശരീരഭാഷയും മർദ്ദനങ്ങളും തെളിവു നൽകുന്നു. നജീബിന്റെ ഓരോ കോശങ്ങളിലുമുള്ള ഊർജ്ജത്തെ ഊറ്റിയെടുക്കുക മാത്രമല്ല ജീവിക്കാനുള്ള അവകാശത്തെയും

സ്വാതന്ത്ര്യത്തെയും നിഷേധിക്കുക കൂടി ചെയ്യുന്നു. കിടക്കാനിടം കൊടുക്കാതെ, നേരാംവണ്ണം ആഹാരം കൊടുക്കാതെ, വിശ്രമമനുവദിക്കാതെ തോക്കിന്റെ മുനയിൽ നിർത്തി പണിയെടുപ്പിക്കുന്നു. ചെറിയ തെറ്റുകൾക്കു പോലും ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയമാക്കുകയും പട്ടിണിക്കിടുകയും ചെയ്യുന്നു. ഭയത്തിന്റെ മുൾമുനയിൽ നിർത്തിക്കൊണ്ട് അയാളുടെ ഓരോ നിമിഷത്തെയും ദാരുണമായ അവസ്ഥയിലേക്ക് പരിവർത്തനപ്പെടുത്തുന്നു.

ഒരു മനുഷ്യന്റെ ജീവിതം ദുർന്നിവാരമായ യാതനകളിൽപ്പെട്ടു പോകുമ്പോൾ അതിനെ പൂർണ്ണതയിലെത്തിക്കാൻ പ്രകൃതി പോലും ഉണർന്നിരിക്കുമെന്ന് ഒരു മരവിപ്പോടെ മനസ്സിലാക്കാനാകും. മരുഭൂമിയുടെ ഉഗ്രമായ തീക്കാറ്റും ചൂടും മാത്രമല്ല ഋതുഭേദങ്ങളെല്ലാം കഠിനാനുഭവമാകുകയാണ്. മഴയിലും തണുപ്പിലും ചൂടിനേക്കാൾ ശരീരം പൊള്ളിയടർത്തുന്നു. പൊടിക്കാറ്റിന്റെ ശക്തിയിൽ ശരീരമാസകലം പൊടി പിടിച്ച് വിയർപ്പിലൊട്ടി പൊറ്റപിടിക്കുന്നു. ആടുകളുടെ മസറയിൽ നിന്ന് കടന്നുകയറുന്ന പ്രാണികളും ചെള്ളും പേനുമെല്ലാം അയാളുടെ ശരീരത്തെ കാർന്നുതിന്നുകൊണ്ടിരുന്നു. അതിന്റെ ചൊറിച്ചിലിലും അസ്വസ്ഥതയിലും ഒരു ഭ്രാന്തനെപ്പോലെ ജീവിക്കേണ്ടി വരുന്നു. ചെറുപ്പം വിടാത്ത ഹക്കീമിന്റെ അവസ്ഥയും ഇതിൽ നിന്നും ഭിന്നമായിരുന്നില്ല. അവരുടെ മേൽ പടർന്നുകയറിയ അലംഘനീയമായ വിധിയെ മറികടക്കാനും അതിജീവിക്കാനും മനുഷ്യനെക്കൊണ്ടാവില്ല എന്ന തത്വചിന്ത അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ പ്രസക്തി അവിടെയാണ് തിരനോട്ടം നടത്തുന്നത്.

മനുഷ്യൻ വലിയ നിസ്സഹായതയിലാണ് ദൈവത്തെ വിളിക്കുന്നത്. അകാരണമായി തനിക്കു വന്നുചേർന്ന ദൈന്യങ്ങളിൽ മുട്ടുകുത്തി നിന്നുകൊണ്ട് നജീബ് ദൈവത്തെ വിളിച്ചു പോകുന്നുണ്ട്. പല അപകടങ്ങളിൽ നിന്നും

ദൃശ്യമായും അദൃശ്യമായും രക്ഷിക്കുന്ന ജഗന്നിയന്താവായി ദൈവസാന്നിധ്യം ഈ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്. ഏറ്റവും നിസ്സഹായനായ ഒരു മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കുവാനും നയിക്കുവാനും പ്രാപഞ്ചിക അധികാരശക്തിയോടൊപ്പം തന്നെ വിധിയുടെയോ ദൈവത്തിന്റെയോ അദൃശ്യസാന്നിധ്യവും നിലനിൽക്കുന്നുണ്ട്. ഇതിൽ നിന്നെല്ലാം ഓരോ മനുഷ്യജീവിയും വ്യഥയും കണ്ണീരും കൊണ്ട് കടുപ്പമേറിയ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ടെന്നും അതിൽ ഉരുകിത്തിളച്ച് പതംവന്ന് പരുവപ്പെടുമ്പോൾ മാത്രമേ മോചനമുള്ളൂവെന്നുമുള്ള പാഠം നിവൃത്തിയാകുന്നുണ്ട്. യാതനയുടെയും സങ്കടങ്ങളുടെയും കരുക്കൾ പരമാവധി പ്രയോജനപ്പെടുത്തി കൊത്തിയെടുത്ത ശിൽപ്പമായതുകൊണ്ടുതന്നെ അതിന്റെ അങ്ങേയറ്റം വരെ കൊണ്ടുപോകാൻ എഴുത്തുകാരൻ ശ്രമപ്പെടുന്നുമുണ്ട്. മരുഭൂമിയെ ഇരുകൈയ്യും വീശി തരണം ചെയ്യാനൊരുമ്പെടുന്ന ഭാവന തന്നെ അതിനുദാഹരണമാണ്.

പ്രവാസത്തിന്റെ ഗൃഹാതുരമായ അനുഭവമാണ് ശ്രദ്ധേയമായ മറ്റൊരു അർത്ഥതലം. തെളിനീരിന്റെയും പുഴയുടെയും ഹരിതാഭകളുടെയും നാടുപേക്ഷിച്ച് മരുപ്രദേശത്തെത്തുമ്പോൾ മനസ്സ് മരവിച്ചുപോകുന്നുണ്ട്. മുശടു വാടയുടെയും തീപോലെ പൊള്ളിക്കുന്ന ചൂടിന്റെയും പ്രസാരത്തിൽ തളരുന്നതിനേക്കാൾ ഭാഷയുടെയും ബന്ധങ്ങളുടെയും ചൂടും ചൂരും നഷ്ടപ്പെടുന്നത് അയാളെ വല്ലാതെ നോവിക്കുന്നുണ്ട്. നാടിന്റെ നഷ്ടാനുഭവങ്ങളെല്ലാം തീ തിന്നിക്കുന്നു. പ്രത്യേകിച്ചും ഗർഭയായിരുന്ന പെണ്ണിനെക്കുറിച്ചുള്ള കരുതലും ഉമ്മായുടെ ആർദ്രമായ സ്നേഹവും ഓർമ്മകളെ പൊള്ളിക്കുന്നുണ്ട്. നാടും നാട്ടനുഭവങ്ങളും ബന്ധങ്ങളുമെല്ലാം കെട്ടുപൊട്ടിച്ചെത്തുമ്പോഴാണ് അപകടങ്ങളിലേക്ക് അയാൾ സ്വയം എടുത്തു ചാടുന്നത്. ഏതോ അദൃശ്യകരങ്ങൾ അപ്പോഴെല്ലാം അയാളെ രക്ഷിക്കുന്നുമുണ്ട്. അതയാൾക്ക് പാഠമാകുകയാണ്. പിന്നീടതിനെ അതിജീവിക്കാനുള്ള കരുതൽ

സ്വരൂപിക്കുന്നുണ്ട്. നാടിനെ മസറയിൽ പുനർനിർമ്മിച്ചും നാട്ടുകാരെയും സ്നേഹിതരെയും അരാധകരെയും ആടുകളിൽ പരകായപ്രവേശം ചെയ്യിച്ചും അയാൾ ഭാഷയെ വീണ്ടെടുക്കുന്നു. ബന്ധങ്ങളുടെ ഊഷ്മളത വീണ്ടെടുക്കുന്നു. രതിയുടെ അനുഭവം പോലും കണ്ടെത്തുന്നു. പ്രകൃതിയുടെ പാഠങ്ങളും കാഴ്ചകളും ശരിക്കും മനസ്സുകൊണ്ടുൾക്കൊള്ളുന്നു. അങ്ങനെയാണ് സഹനത്തിന്റെയും കാരുണ്യത്തിന്റെയും പാഠനിർമ്മിതിയിലൂടെ ജീവൻ പിടിച്ചു നിർത്തുന്നത്. പുതുതായി പ്രസവിക്കുന്ന ആട്ടിൻകുട്ടിക്ക് തന്റെ മകനു നൽകാൻ വെച്ച പേരിട്ട് എല്ലാ ലാളനകളും നൽകുമ്പോഴും ദു:ഖത്തെ മനസ്സിൽ നിന്ന് ആട്ടിപ്പായിക്കുകയായിരുന്നു. ഇങ്ങനെയൊരു സ്വയം കരുതലിലാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. പ്രാർത്ഥനകളും ഈശ്വര വിശ്വാസവും ഈ പ്രതീക്ഷ കൈവിടാതെ ജീവിക്കാൻ കരുത്തു നൽകുന്നു. ഇങ്ങനെ അനേകാർത്ഥങ്ങളുടെ കൈവഴികൾ ചേർന്നുവന്നാണ് രസാനുഭവത്തിലേക്ക് നയിക്കുന്നത്. ആഖ്യാനം ഹൃദയസ്പർശികയാകുന്നതും ആഹ്ലാദകരമായി അനുഭവപ്പെടുന്നതും ഇത്തരം അർത്ഥകൽപ്പനകളുടെയും ഭാവസത്തകളുടെയും സംസ്കാരം കൊണ്ടാണെന്ന് തിരിച്ചറിയുന്നു. ഉള്ളുരയുടെ അഗാധവഴികളാണ് വായനാനുഭവത്തെ ഊഷ്മളമാക്കുന്നുവെന്ന് പറയാതിരിക്കുക വയ്യ.

### മെയ്പ്പാട്

മാനസിക ഭാവങ്ങളെ ശരീര ഭാഷ കൊണ്ട് അഭിവ്യഞ്ജിപ്പിക്കുന്ന പ്രക്രിയയാണ് മെയ്പ്പാട് എന്ന ഇയലിലൂടെ സൂചിപ്പിക്കുന്നതെന്നു വേണം മനസ്സിലാക്കേണ്ടത്. 'മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിവയുടെ സംയോജനത്തിൽ നിന്ന് ചുവൈ(രസം) നിഷ്പ്പന്നമാക്കുന്നു. സ്ഥല കാലങ്ങളിൽ (മുതൽപ്പൊരുളിൽ) ഗർഭാധാനം കഴിഞ്ഞ് ക്രമത്തിൽ കരുപ്പൊരുളിൽ പുഷ്ടി പ്രാപിച്ച് ഉരിപ്പൊരുളിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന ചുവൈ (രസം) എന്ന വസ്തുതയെ ഒരു സൂത്രം മൂലമോ വിവരണം മൂലമോ ഒരു

സിദ്ധാന്തമായി തൊൽക്കാപ്പിയർ അവതരിപ്പിക്കുന്നില്ലെങ്കിലും മെയ്പ്പാട്ടിയലിൽ (രസവിചാരഭാഗത്ത്) കാണുന്ന അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളുടെ പൊരുൾ ആലോചിക്കുമ്പോൾ ഇരിപ്പൊരുളിന്റെ വൈശിഷ്ട്യം രസത്തിന്റെ (ചുവൈയുടെ) വെളിച്ചത്തിൽ അദ്ദേഹം അസ്സലായി ഗ്രഹിച്ചിരുന്നു എന്ന് നമുക്ക് അനുമാനിക്കാം'. (5) ആഖ്യാനത്തിന്റെ സമഗ്രഘടനയിൽ നിന്ന് അഥവാ ഉള്ളുരയിൽ നിന്ന് ഊറിവരുന്ന രസാനുഭവം തന്നെയാണ് മെയ്പ്പാടിന്റെ അന്തസ്സത്തയെന്ന് തീർച്ചയാക്കാം.

ആടുജീവിതമെന്ന ആഖ്യാനത്തിന്റെ രസത്തെക്കുറിച്ച് ചിന്തിച്ചാൽ അതിന്റെ സമഗ്രതയിൽ അനുഭവപ്പെടുന്നത് കരുണ രസമല്ലാതെ മറ്റൊന്നാവാൻ തരമില്ല. എന്നാൽ ഇഷ്ടവ്യക്തിയുടെ വിനാശമാണ് കരുണ രസത്തിന്റെ ആലംബനവിഭാവമെന്നത് മറക്കേണ്ട. മരണപ്പെട്ട വ്യക്തിയുടെ ആഭരണം, വസ്ത്രം മുതലായവയുടെ ദർശനം, ശ്രവണം തുടങ്ങിയ ഉദ്ദീപനവിഭാവങ്ങളും അശ്രുപാതം, വിലാപം, വൈവർണ്യം, അംഗശൈഥില്യം തുടങ്ങിയവ അനുഭാവങ്ങളും നിർവ്വേദം, ഗ്ലാനി, ചിന്ത, ഭയം, വിഷാദം, ദൈന്യം, വ്യാധി, ജഡത, ത്രാസം തുടങ്ങിയവ വ്യഭിചാരീഭാവങ്ങളും ശോകം സ്ഥായീഭാവവുമാണ്. (6) അങ്ങനെ നോക്കിയാൽ കരുണ രസം തന്നെയാണ് ആടു ജീവിതത്തിന്റെ മൂലകന്ദമായ രസം. ഒരർത്ഥത്തിൽ നജീബിന്റെ ആത്മീയ മരണത്തെയാണ് ഭംഗിയായി അടയാളപ്പെടുത്തിയിരിക്കുന്നത്. നജീബിന്റെ പ്രവാസ ജീവിതമാണ് ആലംബന വിഭാവം. ഭൂതകാല ജീവിതമാണ് ഉദ്ദീപന വിഭാവം. നാട്ടിൽ നിന്ന് അയാൾ കൊണ്ടുവന്ന ബാഗും ഉമ്മ കൊടുത്തു വിട്ട അച്ചാറും ഓർമ്മകളുമെല്ലാമാണ് അയാളുടെ ശോകഭാവത്തെ ഉദ്ദീപിപ്പിക്കുന്നത്. അയാൾ അനുഭവിക്കുന്ന കൊടിയ യാതനകളും കണ്ണീരുമെല്ലാം സഞ്ചാരീഭാവങ്ങളാണ്. താൻ ജീവിച്ചിരിക്കുന്നുവെന്ന വിവരം പോലും ഉറ്റവരെ അറിയിക്കാൻ കഴിയാതെയും, അയയ്ക്കാനാകില്ലെങ്കിലും ഭാര്യക്ക് കത്തെഴുതിയിട്ടു നടത്തുന്ന

നിശബ്ദമായ വിലാപവും കോലാടിന്റെ  ഇടിയേറ്റ് ഒടിഞ്ഞു തൂങ്ങിയ കൈകളുമായി പണിയെടുക്കേണ്ടി വരുമ്പോഴുള്ള കൊടിയ വേദനയും തന്റെ കൂടെവിട്ട റഹീമിന്റെ അവസ്ഥ കാണുമ്പോഴും അവന്റെ കരുതലിനെക്കുറിച്ച് ഉമ്മ നൽകിയ വാക്കുകളുമെല്ലാം ഓർമ്മകളിൽ തേട്ടി വരുന്നത് അനുഭാവങ്ങളാണ്.

കരുണത്തിന്റെ സഞ്ചാരീഭാവങ്ങളെല്ലാം നജീബിന്റെ അനുഭവങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. അയാൾ അനുഭവിക്കുന്ന കടുത്ത ഭയം, വിഷാദം, ദൈന്യം, സംത്രാസം, ജഡത ഇതെല്ലാം തികഞ്ഞ പ്രത്യക്ഷതയോടെ ആഖ്യാനത്തിൽ കടന്നുവരുന്നു. മരുഭൂമിയിൽ കാലുകുത്തിയ നിമിഷം മുതൽ അകാരണമായ ഭയം അയാളെ വേട്ടയാടിത്തുടങ്ങുന്നു. മരണത്തിന്റെ കൈകളിൽ നിന്ന് ഭാഗ്യം കൊണ്ട് രക്ഷപ്പെടുന്നു. കൊടിയ മർദ്ദനങ്ങളെ സഹനത്തിലൂടെ അതിജീവിക്കുന്നു. എല്ലു നുറുങ്ങിപ്പോകുന്ന വിധത്തിൽ രാപ്പകൽ പണിയെടുക്കേണ്ടിവരുന്നു. അതിലൂടെ ഓർമ്മകളെ അകറ്റി നിർത്തുന്നുമുണ്ട്. ആടുകളുമായി ചങ്ങാത്തം കൂടി തന്റെ നഷ്ടബോധങ്ങളെ നേരിടുന്നു. അനന്തമായ മരുപ്രദേശങ്ങളെ എല്ലാ കാഠിന്യത്തോടെയും ഏറ്റുവാങ്ങുന്നു. വിഷപ്പാമ്പിന്റെ മുന്നിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെടുന്നു. അവസാനം വരെയും ഭയം ഒരു സ്ഥായീഭാവമായി അയാളിൽ നിറയുന്നുണ്ട്. ജയിലിൽ വെച്ച് തന്റെ അർബാബ് തന്നെ തിരിച്ചറിഞ്ഞിട്ടും മനഃപൂർവ്വം ഉപേക്ഷിച്ചു പോകുന്നിടം വരെ ഭയത്തിന്റെ ചങ്ങല നീളുന്നുണ്ട്. അവനെന്റെ വിസക്കാരനായിരുന്നുവെങ്കിൽ മസറ വരെ ഞാൻ വലിച്ചിഴച്ചേനെ എന്നു പോലീസുകാരനോട് പറഞ്ഞിട്ട് അറബി പോകുന്നിടത്താണ് അയാൾക്ക് ജീവൻ തിരിച്ചുകിട്ടുന്നത്. യാതനാപൂർണ്ണമായ ഈ വ്യഥയും കണ്ണീരും ഒരാൾക്കും വരുത്തരുതേ എന്ന് ആസ്വാദകൻ ആശിച്ചുപോകുന്ന വിധത്തിൽ കരുണാനിർഭരമാണ് ഈ ആഖ്യാനമെന്ന് പറയാനാകും. ആത്യന്തികമായി

നജീബിന്റെ ആത്മീയമരണം സാർത്ഥകമാകുന്നതുകൊണ്ടു തന്നെ ആടുജീവിതത്തിൽ കരുണം അന്തർഭവിച്ചിട്ടുണ്ട് എന്നുതന്നെ പറയാം. ഇങ്ങനെ സൂക്ഷ്മമായി ദ്രാവിഡസൗന്ദര്യ ശാസ്ത്രത്തിന്റെ ശീലുകളിൽ തെളിച്ചെടുക്കാൻ കഴിയുന്ന ഒരപൂർവ്വത ആടുജീവിതത്തിനുണ്ട്. തിണകളിൽ അപര സ്വരൂപമാണ് പാല. അപരിചിതമായ സ്ഥലകാലാനുഭവങ്ങളുടെയും ഋതുപരിണാമങ്ങളുടെയും പ്രകൃതി ഘടകങ്ങളുടെയും പ്രമേയത്തിന്റെയുമെല്ലാം അഴകുറ്റ ചാരുതകളാൽ ഐന്തിണയുടെ അപരകാന്തിയെ ഉദ്ദീപ്തമാക്കിയിരിക്കുന്നു.

## കുറിപ്പുകൾ

1. ഡോ. കെ. അയ്യപ്പപ്പണിക്കർ, ഇന്ത്യൻ സാഹിത്യ സിദ്ധാന്തം- പ്രസക്തിയും സാധ്യതയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം. 94
2. ഡോ. എൻ. ആർ. ഗോപിനാഥപിള്ള, ഡോ. ഡി. ബെഞ്ചിമിൻ, സാഹിത്യ സിദ്ധാന്തങ്ങൾ- പാശ്ചാത്യവും പൗരസ്ത്യവും, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1999, പുറം. 89
3. ബെന്യാമിൻ, ആടു ജീവിതം, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2016, പുറം. 75
4. അതേ പുസ്തകം, പുറം. 122
5. സാഹിത്യ സിദ്ധാന്തങ്ങൾ: പാശ്ചാത്യവും പൗരസ്ത്യവും, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1999, പുറം. 90
6. ഡോ. പൂജപ്പുര കൃഷ്ണൻ നായർ, രസകൗമുദി, മാരുതി പ്രകാശൻ, തിരുവനന്തപുരം, 1996, പുറം. 213

---

*അസി.പ്രൊഫസർ, മലയാളവിഭാഗം, ശ്രീനീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി*